(ബി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കാതെ 2 മലയാളം മീഡിയം ഡിവിഷൻ നിലവിലുള്ള സ്കൂളുകളിൽ 30 കുട്ടികളെങ്കിലും ഇംഗ്ളീഷ് മീഡിയത്തിൽ പഠിക്കാനുണ്ടെങ്കിൽ അവയിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ഡിവിഷനായി മാറ്റാവുന്നതാണ്.

(സി) ഇംഗ്ലീഷ് മീഡിയത്തിനാവശ്യമായ പുസ്തകങ്ങളും സിലബസും തയ്യാറാക്കിയിട്ടുണ്ട്. 1 മുതൽ 4 വരെ ക്ളാസുകളിൽ എൻ.സി.ഇ.ആർ.ടി. സിലബസ് പ്രകാരമുള്ള പുസ്തകങ്ങളും 5 മുതൽ 8 വരെയുള്ള ക്ളാസുകളിൽ കേരള സിലബസുമാണ് പഠിപ്പിക്കുന്നത്.

(ഡി) പ്രത്യേകം ഫീസുകൾ ഈടാക്കുന്നില്ല.

(ഇ) സ്കൂളുകളുടെ എണ്ണം സംബന്ധിച്ചുള്ള പട്ടിക അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

അദ്ധ്യാപകർക്ക് പരിശീലനം മുൻകൂട്ടി തുടങ്ങാൻ നടപടി

85 [2975] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പാഠ്യ പദ്ധതി പ്രകാരം അദ്ധ്യാപകർക്ക് നൽകുന്ന പരിശീലനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രവൃത്തി ദിവസങ്ങളിൽ പരിശീലനം സംഘടിപ്പിച്ചത് കാരണം പല ദിവസങ്ങളിലും ക്ളാസ് മുടങ്ങേണ്ടി വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടുത്ത അദ്ധ്യയന വർഷം പരിശീലന പരിപാടി മുൻകൂട്ടി തുടങ്ങാനും അവധി ദിവസങ്ങളിൽ മാത്രം പരിശീലനം നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ പാഠ്യ പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ സെക്കണ്ടറി അദ്ധ്യാപകർക്കും കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പരിശീലനം നൽകുകയുണ്ടായി. വരുന്ന അദ്ധ്യയന വർഷത്തിൽ പാഠ്യപദ്ധതിയിലെയും, പാഠ പുസ്തകങ്ങളിലെയും മാറ്റങ്ങൾക്കനുസരിച്ച് 6, 7 ക്ളാസുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ഹയർ സെക്കന്ററി തലത്തിലെ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതാണ്. കൂടാതെ സെക്കന്ററി തലത്തിൽ കഴിഞ്ഞ വർഷം ക്രമീകരിച്ചതിൽ കൂടുതലായി ചില പരിശീലന പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ബി) അദ്ധ്യാപകർക്ക് ഒരു വർഷത്തിൽ രണ്ടോ മൂന്നോ തവണകളിലായി പരമാവധി പത്തു ദിവസത്തെ പരിശീലനമാണ് സാധാരണ നൽകാറുള്ളത്. പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ബോധനം കാര്യക്ഷമമാക്കുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് പഠനം മുടങ്ങാറില്ല.

(സി) ലീവ് സറണ്ടർ ആനുകൂല്യം നൽകേണ്ടിവരുമെന്നതിനാൽ വെക്കേഷൻ കാലത്ത് മാത്രം അദ്ധ്യാപക പരിശീലനം നൽകുന്നത് സർക്കാരിന് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കും. അതുകൊണ്ട് വിവിധ തലങ്ങളിലുള്ള റിസോഴ്സ് ഗ്രൂപ്പ് പരിശീലനങ്ങൾ ഏപ്രിൽ, മേയ് മാസത്തിൽ നടത്തുകയും അദ്ധ്യാപക പരിശീലനം ജൂണിൽ നൽകുകയും ചെയ്യുന്നതാണ് അഭികാമ്യം.

സ്കൂൾ പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കി അപാകതകൾ ഒഴിവാക്കാൻ നടപടി

86 [2976] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ പേരും വിലാസവും മറ്റും തിരുത്തുന്നതിന് നടപടി ക്രമങ്ങളുടെ സങ്കീർണ്ണതമൂലം കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുത്തലുകൾ വരുത്തുന്നതിന് വിദ്യാഭ്യാസ ജില്ലാ-സബ് ജില്ല തലങ്ങളിൽ അക്കാദമിക് വർഷാരംഭത്തിൽ നിശ്ചിത ദിവസങ്ങളിൽ അദാലത്തുകളോ, കാമ്പയിനുകളോ നടത്തുവാൻ തയ്യാറാകുമോ;

(സി) സ്കൂൾ പ്രവേശനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കി കുട്ടികളുടെ ജനന തീയതി, മേൽ വിലാസം മുതലായവയുടെ അപാകതകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിദ്യാർത്ഥികളുടെ പേരും വിലാസവും മറ്റും തിരുത്തുന്നതിന് ഇപ്പോൾ ഗണ്യമായ കാലതാമസം ഉണ്ടാകാറില്ല. ശരിയായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ 45 മുതൽ 60 ദിവസത്തിനകം തീരുമാനമെടുത്ത് ഉത്തരവ് നൽകാറുണ്ട്.

(സി) സ്കൂൾ പ്രവേശനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കി സർക്കാർ ഇതിനകം തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly